
# കൂട്ടായ്മ വിരുന്ന്

ജൂലൈ – ആഗസ്റ്റ് 2018



Department of Family Units and Parish Renewal
(Archdiocese of Ernakulam - Angamaly)
Renewal Centre Kaloor, Kochi - 682017
Ph: 0484 - 2338151, 9387074502
www.familyunitsekm.com



# വിളവെടുപ്പ്

ബിഷപ് ഓസ്കർ റൊമേരോ എൽ സാൽവദോറിലെ ബിഷപ് ആയിരുന്നു. 1917-ൽ ജനിച്ചു. ദരിദ്രമായ കുടുംബ പശ്ചാത്തലത്തിൽ വളർന്നു. ദാരിദ്ര്യം കൊണ്ടു 12 വയസിനു ശേഷം റോമേരോയെ പഠിപ്പിക്കാൻ മാതാപിതാക്കൾക്ക് കഴിഞ്ഞില്ല. അതിനാൽ ആശാരി പണിക്കു പോയി തുടങ്ങി. വൈദികനാകണമെന്ന ഉൽക്കടമായ ആഗ്രഹത്തിൽ പിന്നീട് സെമിനാരിയിൽ ചേർന്ന് വൈദിനായി. പിന്നീടു മെത്രാനായി. എൽ സാൽവദോറിലെ അടിച്ചമർത്തപ്പെടുന്ന ദരിദ്രജനതക്കു വേണ്ടി ബിഷപ് റൊമേരോ നിലകൊണ്ടു, അവർക്കുവേണ്ടി വാദിച്ചു, പ്രവർത്തിച്ചു. 1980 മാർച്ച് 23-നു സാൽവദോറിലെ പട്ടാളത്തോടും പൊലിസിനോടും അദ്ദേഹം പറഞ്ഞു, “I beg you, I implore you, I order you... in the name of God, stop the repression." പിറ്റേദിവസം വൈകുന്നേരം ദേവാലയത്തിൽ ദിവ്യബലിയർപ്പിച്ചുകൊണ്ടിരിക്കുമ്പോൾ കൊലപാതകിയുടെ വെടിയേറ്റ് ബിഷപ് റൊമേരോ മരണമടഞ്ഞു. മരണത്തിനു തൊട്ടു മുമ്പുള്ള അദ്ദേഹത്തിന്റെ വാക്കുകൾ ഇപ്രകാരമായിരുന്നു. “ക്രിസ്തുവിന്റെ സ്നേഹത്തെപ്രതി ആരെങ്കിലും ദരിദ്രർക്കു വേണ്ടി നിലകൊണ്ടാൽ ഗോതമ്പുമണി പോലെ ഇല്ലാതാകും. പക്ഷേ ആ ഗോതമ്പുമണിയാണ് പിന്നീടു വിളവെടുപ്പിനു കാരണമാകുന്നത്.”

# ദരിദ്രർ

മുപ്പത്തിരണ്ടു വയസു കഴിഞ്ഞ സഹോദരിക്കു വേണ്ടി വിവാഹസാമ്പത്തികസഹായം അഭ്യർത്ഥിച്ചു വന്നത് അവളുടെ വിവാഹിതയായ ഇളയ സഹോദരിയാണ്. കുടുംബത്തിന്റെ ദാരിദ്ര്യത്തിനു നടുവിൽ ഇളയ മൂന്നു സഹോദരിമാരെ വിവാഹം ചെയ്തയക്കാൻ മൂത്ത സഹോദരി കഠിനാദ്ധ്വാനം ചെയ്തു. അതിനിടയിൽ സ്വന്തം വിവാഹകാര്യം അവൾ മറന്നു. 15 വയസുള്ള ഉത്തരേന്ത്യൻ മകളുടെ മനസ്സ് വെമ്പൽ കൊള്ളുകയാണ്, ഏതെങ്കിലും ഒരു സ്കൂളിൽ ഒന്നു പഠിക്കാൻ. ദാരിദ്ര്യം കൊണ്ടു തന്റെ ഭവനം മുങ്ങിപ്പോയപ്പോൾ രണ്ടാം ക്ലാസ്സിൽ മുടങ്ങിപ്പോയ തന്റെ വിദ്യാഭ്യാസത്തെക്കുറിച്ച് ഓർക്കുമ്പോൾ അവളുടെ കണ്ണു നിറയും. ഈ കാലവർഷത്തിനിടക്ക് രാത്രിയിൽ പെയ്യുന്ന മഴയിൽ നിന്ന് രക്ഷനേടാൻ ചോർന്നൊലിക്കുന്ന കൂരയുടെ മൂലയിൽ കുത്തിയിരുന്ന് നേരം വെളുപ്പിക്കുന്ന ഒരമ്മയുണ്ട്.

മുപ്പത്തഞ്ചുകോടി ദരിദ്രജനങ്ങൾ അധിവസിക്കുന്ന നമ്മുടെ മാതൃരാജ്യത്ത് ദരിദ്രർ വീണ്ടും ദരിദ്രർ ആയിക്കൊണ്ടിരിക്കുന്നു. രാഷ്ട്രഭരണ സംവിധാനങ്ങളും, മതങ്ങളും തങ്ങളെ പരിഗണിക്കുന്നില്ല എന്ന തോന്നൽ അവരിൽ ഉറഞ്ഞുകൂടുന്നു. ആര് ആർക്കുവേണ്ടി എന്ന ചോദ്യം മുഴങ്ങുന്നു. ന്യായാന്യായങ്ങൾ പറഞ്ഞും, വാദിച്ചും, സമ്മർദ്ദങ്ങളിലൂടെയും സർക്കാർ പൊതുവിദ്യാഭ്യാസരംഗത്തുനിന്ന് എതാണ്ട് പിന്മാറിത്തുടങ്ങിയിരിക്കുന്നു. തൽഫലമായി ദരിദ്രകുട്ടികൾ പൊതുനിരത്തിലേക്ക് വലിച്ചെറിയപ്പെട്ടു. ആധുനിക സംവിധാനങ്ങളുടെ ക്ലാസ്സ്മുറികൾ കാണിച്ചുകൊണ്ട് സമ്പന്നരായ കുട്ടികളെ ന്യൂജൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വാഗതം ചെയ്തപ്പോൾ ദരിദ്രകുട്ടികൾ അതിനു പുറത്തായി. ചികിത്സാരംഗം കോർപറേറ്റുകൾ ചുട്ടെരിച്ചുകഴിഞ്ഞു. ചികിത്സ വെറും കച്ചവടമായപ്പോൾ രോഗി കച്ചവടവസ്തുവായി. ഡോക്ടറും നഴ്സുമില്ലാത്ത സർക്കാർ ആശുപത്രിയുടെ വരാന്തയിൽ പാവപ്പെട്ട രോഗികൾ വിറങ്ങലിച്ചുനിൽക്കുന്നു. പേരിനു പറയാവുന്ന ഏതാനും മിഷൻ ആശുപത്രികളിൽ ഈ പാവപ്പെട്ട രോഗികളുടെ നീണ്ട നിരയും.

ഇവർ ദരിദ്രർ... നല്ല വസ്ത്രവും, കാണാൻ ചന്തവുമില്ലാത്തതുകൊണ്ട്

സമ്മേളന വേദികളിൽ നിന്നും, ക്യാമറക്കണ്ണുകളിൽ നിന്നും അകറ്റപ്പെടുന്നവർ. അധികാരകേന്ദ്രങ്ങളിൽ ഏറ്റവും അവസാനത്തെ ചർച്ചക്ക് വിധേയമാകുന്നവർ. വികസനത്തിന്റെ പേരിൽ ചൂഷണം ചെയ്ത് അടിമകളാകാൻ ഏറ്റവും ആദ്യം വിധിക്കപ്പെടുന്നവർ. ഓഫീസുകളിലും പൊതുവേദികളിലും ഇരിപ്പിടം നിഷേധിക്കപ്പെടുന്നവർ. സദ്യവട്ടങ്ങളുടെ അവസാനം മിച്ചം വരുന്ന ഭക്ഷണം കഴിക്കാൻ ക്ഷണം ലഭിക്കുന്നവർ. എല്ലാ മതഗ്രന്ഥങ്ങളിലും പ്രഥമഗണനീയരായി പരാമർശിക്കപ്പെട്ടിരിക്കുന്നവർ. എന്നാൽ മതങ്ങളുടെ വ്യവസ്ഥാപിത ചട്ടക്കൂടുകളിൽ നിന്നും പുറംതള്ളപ്പെടുന്നവർ. തങ്ങൾക്ക് ആരുമില്ല സഹായം എന്ന തോന്നലിൽ ഒറ്റപ്പെടുന്ന ഇവർക്ക് മാന്യമായ ജീവിതത്തിനു ബലം കൊടുക്കേണ്ടത് സാമൂഹ്യ നീതിയുടെയും ദൈവനീതിയുടെയും ഭാഗമാണ്. ഇവരെ ഉണർത്താൻ നമുക്കു വേണ്ടത് സുസ്ഥിരമായ വികസന സ്വപ്നങ്ങളും പദ്ധതികളുമാണ്. എല്ലാ മനുഷ്യർക്കും തുല്യമായി ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ സംലഭ്യമാക്കുന്ന സുസ്ഥിര വികസന സങ്കല്പങ്ങൾ രാഷ്ട്രവും മതങ്ങളും രൂപപ്പെടുത്തണം. ഇതനുസരിച്ച് ഓരോ വിദ്യാർത്ഥിയുടെയും നൈസർഗികവാസനകൾ അനുസരിച്ച് പരിശീലനം നല്കാൻ സാധിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം നമുക്കു വേണം. നാം അനുവർത്തിക്കേണ്ട ആത്മീയചര്യയുടെ ഒരു വെല്ലുവിളിയാണിത്.

ഈ വിധത്തിലുള്ള ഒരു സമൂഹനിർമ്മാണത്തിനു തടസ്സമായി നിൽക്കുന്നത് എന്താണ്? ഇതിനു സഹായിക്കാത്ത ആത്മീയ/മതപ്രവണതകൾ ഏവയാണ്? ഒരു പൗരന്റെ/ഒരു വിശ്വാസിയുടെ അടിസ്ഥാന ആവശ്യങ്ങൾ നിർവ്വഹിക്കപ്പെടുന്നതിലായിരിക്കണം ആദ്യ ശ്രദ്ധ. ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യകരമായ ജീവിതം, സമൂഹത്തിൽ തുല്യനീതി, മതസ്വാതന്ത്ര്യം, തുടങ്ങിയവയാണ് ഇതിൽ പ്രഥമം. ഈ തലത്തിൽ നിന്ന് എല്ലാ പൗരന്മാരും വിശ്വാസികളും ക്രമാനുഗതമായി വളരുന്നതാണ് യഥാർത്ഥ വികസനം. ഇത്തരത്തിലുള്ള വികസനത്തിൽ മതത്തിനും ആത്മീയതക്കും ഗണനീയമായ സ്ഥാനമുണ്ട്. ക്രൈസ്തവ സഭക്ക് ഇതിൽ പ്രധാന പങ്കുവഹിക്കാനുണ്ട്. നമ്മുടെ കൂട്ടായ്മകളുടെ പ്രവർത്തനപഥങ്ങൾ ഈ വിധത്തിൽ നാം നിർണ്ണയിക്കേണ്ടിയിരിക്കുന്നു.

സ്നേഹത്തോടെ,

സണ്ണിയച്ചൻ

## തർക്കങ്ങളും, ഏറ്റുമുട്ടലുകളും, മത്സരങ്ങളും!

(യാക്കോബ് 4:1-10)

**വി**ജാതീയരുടെ ഇടയിൽ ചിതറിപ്പാർക്കുന്ന പന്ത്രണ്ടു ഗോത്രങ്ങൾക്കായിട്ടാണ് ഈ ലേഖനം എഴുതപ്പെട്ടിരിക്കുന്നത് (1:1). നാവിന്റെ ദുരുപയോഗം മൂലവും യഥാർത്ഥ ജ്ഞാനത്തിന്റെ അഭാവത്തിലും സമൂഹത്തിലുണ്ടണ്ടാകുന്ന അസ്വസ്ഥതകൾക്കു കാരണങ്ങളും പ്രതിവിധികളുമാണ് ഈ വചനഭാഗത്തു നാം കാണുക. ക്രിസ്തുവിന്റെ സമാധാനത്താൽ നയിക്കപ്പെടുന്ന ജീവിതങ്ങൾക്ക് ദൈവവുമായുള്ള യഥാർത്ഥ ബന്ധത്തിൽ ജീവിക്കുവാനും, ആ ദിവ്യസാന്നിദ്ധ്യത്തിന്റെ ബലത്തിൽ തങ്ങളുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കാനും സാധിക്കും. ഇത്തരം ഒരു ലക്ഷ്യം ഓരോ അംഗത്തിലും സാധ്യമാക്കുക എന്നതാണ് ഈ വചനഭാഗത്തിന്റെ പ്രഥമ പരിഗണനയും പ്രമേയവും. ഈ ലക്ഷ്യം നേടുന്നതിന് തടസ്സമാകുന്ന കാരണങ്ങളാണ് ഇവിടത്തെ പ്രധാന പ്രതിപാദ്യം.

**തർക്കങ്ങളും ഏറ്റുമുട്ടലുകളും**: വിശ്വാസി സമൂഹങ്ങളിൽ നിലനില്ക്കുന്ന പല പ്രശ്നങ്ങളുടെയും മൂലകാരണമാണ് ശ്ലീഹ ഇവിടെ പരാമർശിക്കുക – ''നിങ്ങളുടെ ഇടയിൽ തർക്കങ്ങളും ഏറ്റുമുട്ടലുകളും ഉണ്ടാകുന്നത് എങ്ങനെയാണ്?'' മറുചോദ്യത്തിലൂടെ തന്നെ (Rhetorical question) – ശ്ലീഹാ ഇതിനുത്തരം തരുന്നു – ''നിങ്ങളുടെ അവയവങ്ങളിൽ പോരാടിക്കൊണ്ടിരിക്കുന്ന ദുരാശകളിൽ നിന്നല്ലേ അവ ഉണ്ടാകുന്നത്?'' ചുരുക്കത്തിൽ വചനത്തിന്റെ അടിസ്ഥാനത്തിൽ സകല തർക്കങ്ങളുടെയും ഏറ്റുമുട്ടലുകളുടെയും അടിസ്ഥാനം നമ്മിൽ തന്നെ പോരാട്ടം നടത്തുന്ന വ്യത്യസ്ത ദുരാശകളാണെന്ന്.

സുരക്ഷ, പ്രശസ്തി, അധികാരം, ക്ഷേമം, സമ്പത്ത്, സ്വാധീനം ഇവയ്ക്കുവേണ്ടിയുള്ള മോഹമാണ് നമ്മിൽ പോരാടിക്കൊണ്ടിരിക്കുന്ന ദുരാശകൾ. ഇവയുടെ ഫലമായി ഓരോ വ്യക്തിയിലും ഭയവും ഉത്ക്കണ്ഠയുമാണ് സൃഷ്ടിക്കുന്നത്. ഓരോ മത്സരത്തിലും ഒളിഞ്ഞിരിക്കുന്ന ഘടകങ്ങളായ ഭയവും ഉത്ക്കണ്ഠയും അസൂയയും കൊല

പാതകവുമെല്ലാം മോഹഭംഗത്തിന്റെ അനന്തരഫലമാണ് എന്ന് വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

**നിങ്ങൾ ആഗ്രഹിക്കുന്നത് ലഭിക്കുന്നില്ല:** ആത്യന്തികമായിഓരോരുത്തരും എന്താണ് ആഗ്രഹിക്കുന്നത്- സമാധാനം! പക്ഷേ, ചിലരെങ്കിലും സമാധാനം എന്നാൽ എല്ലാം തികഞ്ഞ-സമ്പത്ത്, അധികാരം, പ്രശസ്തി-അവസ്ഥയാണ്. ഇത്തരം സമാധാനഅന്വേഷണങ്ങൾ കടുത്ത നിരാശ, അസന്തോഷം എന്നിവയിലേക്ക് കൂപ്പു കുത്താനാണ് സാധ്യത. ഒരുപക്ഷേ, പീഡനങ്ങൾ മൂലം നാടും, വീടും, സ്വത്തും നഷ്ടമായ ഒരു ജനത തങ്ങൾക്കു നഷ്ടമായതെല്ലാം നേടിയെടുക്കാൻ ശ്രമിക്കുന്നതിനിടയിൽ സംജാതമായ തർക്കങ്ങളും ഏറ്റുമുട്ടലുകളെയുമാകാം ശ്ലീഹ ഇവിടെ പരാമർശിക്കുന്നതെങ്കിൽപോലും; നമ്മുടെ ജീവിതവുമായി ഈ യാഥാർത്ഥ്യം ഏറെ ചേർന്നു പോകുന്നതാണ്.

**''നിങ്ങൾക്ക് ഒന്നും ലഭിക്കുന്നില്ല... നിങ്ങൾ ആവശ്യപ്പെടുന്നില്ല''**

ശ്ലീഹായുടെ അഭിപ്രായത്തിൽ 'ഒന്നും ലഭിക്കാത്തതിന്റെ' കാരണം ആഗ്രഹിക്കുന്നവയ്ക്കായി (സമാധാനം, സന്തോഷം) പരിശ്രമിക്കാത്തതുകൊണ്ടല്ല, മറിച്ച് അവർ ചോദിക്കുന്നത് തങ്ങളുടെ ദുരാശകളെ സംതൃപ്തിപ്പെടുത്തുന്നവ മാത്രമാണ്.

നമ്മുടെ ആഗ്രഹങ്ങളും, യാചനകളും ദൈവത്തിന്റെ നമ്മോടുള്ള കരുതലും പദ്ധതികളുമായി ചേർത്തുവയ്ക്കുമ്പോൾ വലിയ വ്യത്യാസമുണ്ടെന്നാണ് ഈ ഭാഗം വ്യക്തമാക്കുന്നത്. നമ്മുടെ ആവശ്യങ്ങളെല്ലാം നിറവേറ്റിത്തരുവാൻ ദൈവം സദാ സന്നിഹിതനാണ്. കാരണം അവിടുന്ന് നമ്മുടെ പിതാവും, ഉത്തമവും പൂർണ്ണവുമായ എല്ലാ ദാനങ്ങളുടെയും (1:17) ഉറവിടവുമാണ്. നമുക്കു വേണ്ടിയുള്ള ദൈവത്തിന്റെ മഹത്വം എന്നത് അവിടത്തെ സ്നേഹത്തിന്റെ രൂപാന്തരപ്പെടുത്തുന്ന പ്രവൃത്തികൾ സ്വീകരിക്കുക എന്നതു മാത്രമാണ്. മറിച്ച്, നമ്മുടെ ദുരാശകളെ സംതൃപ്തിപ്പെടുത്താനും നേടിയെടുക്കുവാനുമുള്ള തിരക്കിലാണ് നാമെങ്കിൽ, ദൈവം നമുക്ക് നല്കാൻ ആഗ്രഹിക്കുന്നതൊന്നും തന്നെ നേടിയെടുക്കാൻ എളുപ്പത്തിൽ നമുക്കു സാധിക്കുകയില്ല.

പ്രാർത്ഥനകൾ ഒരുവന്റെ ദുരാശകളെ നേടാനുള്ള മാർഗ്ഗമായി കാണുന്നവർക്ക് ശ്ലീഹാ നല്കുന്ന മുന്നറിയിപ്പ് ഇപ്രകാരമായിരിക്കും -

ഒരുവന്റെ ലക്ഷ്യം (ദുരാശകളുടെ ആവിഷ്ക്കാരം) നേടുവാനുള്ള വെറും മാർഗ്ഗമല്ല (means) ദൈവം! ദൈവീകമാനങ്ങൾ ഒരിക്കലും ഒരുവന്റെ ദുരാശകളുടെ സഫലീകരണത്തിന് വ്യയം ചെയ്യാനുള്ളതുമല്ല. മറിച്ച്, ദൈവം ആഗ്രഹിക്കുന്നത് നാമെല്ലാവരും ദുരാശകളാൽ സംതൃപ്തരാക്കപ്പെട്ടവരാകാതെ, ദൈവികദാനങ്ങളാൽ സമ്പന്നരും, പൂർണ്ണരും എല്ലാം തികഞ്ഞവരും ഒന്നിലും കുറവില്ലാത്തവരും ആകുവാനാണ് (1:4).

**''വിശ്വസ്തത പുലർത്താത്തവരേ...''** (v. 4)

ഈ വാക്കുകളെ ശ്ലീഹാ മുകളിൽ പറയാൻ ശ്രമിച്ച കാര്യങ്ങളുടെ സംഗ്രഹം ആയി കണക്കാക്കാം. ലോകത്തോടുള്ള മൈത്രി എന്നതിനെ ദുരാശകളുടെ സാക്ഷാത്ക്കാരവുമായി ബന്ധപ്പെടുത്താം. ഈ മൈത്രി നമ്മിൽ ഉളവാക്കുന്ന അനന്തരഫലങ്ങളാണ് അസൂയയും ദൈവാശ്രയമില്ലായ്മയും. വി. ഗ്രന്ഥ കാഴ്ചപ്പാടിൽ 'ലോകം' എന്നാൽ ദൈവാശ്രയത്വം ഏതും ഇല്ലാതെ സ്വന്തം കഴിവുകളിൽ മാത്രം ആശ്രയം വെച്ച് വിജയം, അധികാരം, പ്രശസ്തി എന്നിവ സ്വന്തമാക്കാനായി ഒരുവൻ ശ്രമിക്കുന്ന ദുരാശകളുടെ/ലൗകീക മേഖലയാണിത്. ദൈവത്തിൽ ആശ്രയം വയ്ക്കാത്ത ഇത്തരക്കാരെയാണ് 'വിശ്വസ്തത പുലർത്താത്തവരേ' എന്ന് ശ്ലീഹാ അഭിസംബോധന ചെയ്യുന്നത് (മത്താ. 6:24).

**''ദൈവം അസൂയയോടെ അഭിലഷിക്കുന്നു''** (v. 5): ഇവിടെ 'അസൂയ' എന്നാൽ മാനുഷികമായ അസൂയയുടെ തലമല്ല. മറിച്ച് 'തീക്ഷ്ണമായ ആഗ്രഹം' എന്ന അർത്ഥമാണ് ഉചിതമായി വരിക. എന്തിനുവേണ്ടിയാണോ അവിടന്ന് നമ്മെ തന്റെ ആത്മാവ് നല്കി സൃഷ്ടിച്ചിരിക്കുന്നത് ആ ലക്ഷ്യം പൂർത്തീകരിച്ചു കാണാനുള്ള ദൈവത്തിന്റെ തീവ്രമായ ആഗ്രഹത്തെയാണ് ഇത് അർത്ഥമാക്കുക.

ഈ വചനഭാഗത്തിന്റെ അവസാനഭാഗം തിരിച്ചുവരുവാനുള്ള ക്ഷണവുമായിട്ടാണ് അവസാനിക്കുക. അതിനു വേണ്ടുന്ന എതാനും പ്രായോഗികമായ കാര്യങ്ങളും വചനഭാഗം തരുന്നുണ്ട് - കരങ്ങളും ഹൃദയങ്ങളും ശുചിയാക്കുക! സർവ്വോപരി ജീവിതത്തിൽ പുലർത്തേണ്ട എളിമയും ശ്ലീഹ അടിവരയിട്ട് പ്രസ്താവിക്കുന്നു.

**സന്ദേശം**

ദൈവീകമൂല്യങ്ങളോടു വിരക്തിയുള്ള മനുഷ്യനെ ദുരാശകളുടെ

വെറും കൂമ്പാരമായി വിശേഷിപ്പിക്കാം. ഐക്യം, സമചിത്തത, സഹാനുഭൂതി, എളിമ മുതലായവ നഷ്ടമായ ഒരുവനെയാണ് ഇത്തരത്തിൽ ചിത്രീകരിക്കുക. മനുഷ്യന്റെ/ആത്മീയ മനുഷ്യന്റെ ആന്തരീക സംഘർഷങ്ങളിൽ അവൻ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് ദുരാശകൾ. ഇത് ഇന്ന് മാത്രമല്ല മനുജകുലത്തിന്റെ ആരംഭം മുതലേ മനുഷ്യന്റെ കൂടപ്പിറപ്പാണ് കായേൻ മുതൽ ആരംഭിക്കുന്ന ഇതിന്റെ ഭീകര ചരിതം നമ്മിലൂടെ ഇന്നും തുടരുന്നു.

ഇവിടെ പ്രസക്തമായ ചോദ്യം ഇതാണ്- എന്റെ ആത്മീയ ജീവിതം എന്നിലെ സഹജമായ ഈ തിന്മയെ എത്രമാത്രം ദുരീകരിക്കാൻ എന്നെ സഹായിക്കുന്നുണ്ട്? മതജീവിതം മത്സരകമ്പത്തിനുള്ള ഇടമായി പരിണമിക്കുന്ന ഈ കാലഘട്ടത്തിൽ ഗൗരവത്തോടെ കാണേണ്ട ചിന്തയാണിത്. നമ്മുടെ കാലഘട്ടത്തിൽ ഏറ്റവും അധികം മാത്സര്യം അരങ്ങേറുന്ന മേഖല ഒരുപക്ഷേ, മതജീവിതമാണ്. അതായത് ദൈവാത്മാവിന്റെ ഇംഗിതങ്ങളെ തിരിച്ചറിയാനാവാത്ത വിധം ബധിരവും അന്ധവുമായ അവസ്ഥയിലായ വിശ്വാസികൾ!

സമാധാനത്തെ ഭൗതികതയുടെ സുഖത്തിന്റെ ധാരാളിത്തമായി വ്യാഖ്യാനിക്കുന്നവരാണ് നാം ഏറെ പേരും. തിരിച്ചറിയുക, സമാധാനമെന്നാൽ ദൈവം കൂടെയുള്ള അവസ്ഥയാണ്. അതായത്, നാം അവന്റെ സ്വരം ശ്രവിക്കുകയും അതനുസരിച്ച് പ്രവൃത്തിക്കുകയും ചെയ്യുന്ന അവസ്ഥ.

## നമ്മുടെ യാചനയും ദൈവത്തിന്റെ ഇടപെടലും

നാം യാചിക്കുന്നതെല്ലാം അപ്രകാരം തന്നെ ദൈവത്തിൽ നിന്നും ലഭിക്കും എന്ന് മിഥ്യാധാരണ പ്രാർത്ഥനയിൽ സൂക്ഷിക്കുന്നവരാണ് നമ്മിൽ അധികവും. ദുരാശകളുടെ തലത്തിൽ നിന്നുള്ള നമ്മുടെ എല്ലാ യാചനകളും അപ്രസക്തമാണ്. നാം ഇവിടെ തിരിച്ചറിയേണ്ട മറ്റൊരു യാഥാർത്ഥ്യമുണ്ട്. നമ്മുടെ പ്രാർത്ഥനകൾക്കും ദൈവത്തിന്റെ ഇടപെടലിനും ഇടയിൽ ഒരു സമയമുണ്ട്. ഈ സമയത്തെ എപ്രകാരം വിനിയോഗിക്കുന്നു എന്നത് പ്രധാനപ്പെട്ടതാണ്. വചനം പഠിപ്പിക്കുന്നു- പ്രത്യാശയോടെ കാത്തിരിക്കുക!

**പിശാചിന് നമ്മെ ഭയമാണ്**: എളിമയുള്ളവരെ ഭയക്കുന്നവനാണ് പിശാച്. ആത്മീയതയുടെ ഉദാത്തമായ അടയാളമാണ് ഒരുവനിൽ

# ക്രോധത്തിന്റെ മുന്തിരിപ്പഴങ്ങൾ

''**ദൂ**തൻ ഭൂമിയിലെ മുന്തിരിവിള ശേഖരിച്ച് ദൈവത്തിന്റെ ക്രോധമാകുന്ന വലിയ മുന്തിരിചക്കിലിട്ടു''(വെളി. 14:19).

അമേരിക്കൻ സാഹിത്യകാരൻ ജോൺ സ്റ്റെയിൻ ബെക്കിന് നോബൽ സമ്മാനം നേടിക്കൊടുത്ത കൃതിയാണ് 'Grapes of Wrath'. ഈ ശീർഷകത്തിന് അദ്ദേഹത്തിന് പ്രചോദനം ലഭിച്ച ബൈബിൾ വചനമാണ് മേലുദ്ധരിച്ചത്. എല്ലാ മനുഷ്യരിലും അനുഭവപ്പെടുന്ന ഒരു വൈകാരിക അവസ്ഥയാണ് കോപം. അത് എന്താണെന്ന് നമുക്ക് എല്ലാവർക്കും അറിയാം. എന്നാൽ അതിനെ അപഗ്രഥിക്കുവാൻ നാം ആരും മെനക്കെടാറില്ല. കോപം സ്വാഭാവികമായതും ആരോഗ്യകരവുമായ ഒരു വികാരമാണ്. അത് നിയന്ത്രണാതീതമാകുമ്പോൾ പാപത്തിലേയ്ക്ക് നീങ്ങുന്നു. അതുകൊണ്ടാണ് പൗലോസ് അപ്പസ്തോലൻ പറയുന്നത് ''കോപിക്കാം എന്നാൽ പാപം ചെയ്യരുത്. നിങ്ങളുടെ കോപം സൂര്യൻ അസ്തമിക്കുന്നതുവരെ നീണ്ടുപോകാതിരിക്കട്ടെ'' (എഫേ. 4: 26). ഇത് വിശദീകരിക്കാൻ ഒരു കഥ പറയാം.

---

കാണപ്പെടുന്ന എളിമ. മതജീവിതത്തിൽ മാത്സര്യം മുറുകുമ്പോൾ നഷ്ടമാകുന്നത് ഈ എളിമയാണ്. നമ്മുടെ സമ്മേളനങ്ങളിലും കുടുംബങ്ങളിലും എളിമയില്ലാത്ത ഭക്തർ തീർക്കുന്ന സംഘർഷങ്ങളും തർക്കങ്ങളും വെല്ലുവിളിക്കുന്നത് യഥാർത്ഥ ആത്മീയതയെയാണ്.

## പ്രായോഗികതലം

1. ക്രിസ്തീയ സമൂഹങ്ങളിലുള്ള തർക്കങ്ങളുടെയും സംഘർഷങ്ങളുടെയും കാരണങ്ങൾ എന്തെല്ലാമെന്ന് ഈ വചനഭാഗത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുക.
2. തിരുനാളുകൾ, വാർഷികാഘോഷങ്ങൾ എന്നിവയിൽ കാണുന്ന മാത്സര്യത്തിന്റെ വിവിധ വശങ്ങൾ അവലോകനം ചെയ്യുക.

ഒരു ഗ്രാമത്തിൽ അമ്പലത്തോട് ചേർന്ന് ഒരു സർപ്പക്കാവ് ഉണ്ടായിരുന്നു. അതിൽ ഉപദ്രവകാരിയായിരുന്ന ഒരു പാമ്പ് വസിച്ചിരുന്നു. അമ്പലത്തിലേയ്ക്ക് വന്ന ഭക്തരെ ആ ജീവി ശല്യപ്പെടുത്തിയിരുന്നു. ഭക്തർ പുരോഹിതരോട് പരാതി പറഞ്ഞു. പൂജാരി വന്ന് സർപ്പത്തെ ശകാരിച്ചു. താൻ ഇനി ആരേയും ഉപദ്രവിക്കുകയില്ല എന്ന് പാമ്പ് പൂജാരിക്ക് വാക്ക് കൊടുത്തു. മര്യാദരാമനായി മാറിയ ആ സർപ്പത്തെ ആളുകൾക്ക് ഭയമില്ലാതായി. വികൃതിപ്പയ്യന്മാർ ആ ജീവിയെ ഉപദ്രവിക്കാൻ തുടങ്ങി. വാലിൽ പിടിച്ചു വലിക്കുക, കല്ല് വലിച്ചെറിയുക എന്നിങ്ങനെ ദേഹോപദ്രവങ്ങൾ ആ ജീവി ഏറ്റ് വാങ്ങി. ഒരു ദിവസം പുരോഹിതൻ ആ വഴിക്കു പോകുമ്പോൾ ഒരു മുരളൽ കേട്ടു. നോക്കിയപ്പോൾ ചോരയും ചെലവും പുരണ്ട് വ്രണിതനായി കിടക്കുന്ന സർപ്പത്തെയാണ് കണ്ടത്. ''നിനക്ക് ഇത് എന്തു പറ്റി?'' ഉത്കണ്ഠയോടെ പൂജാരി പാമ്പിനോട് തിരക്കി. അത് മറുപടി പറഞ്ഞു: 'ഞാൻ ആരേയും ഉപദ്രവിക്കുകയില്ല എന്ന് അങ്ങേയ്ക്ക് വാക്കു തന്നതല്ലേ? അത് അറിഞ്ഞ ആളുകൾ എന്നെ ഉപദ്രവിക്കാൻ തുടങ്ങി.' അപ്പോൾ ആ പുരോഹിതൻ സർപ്പത്തോട് പറഞ്ഞു: ''നിന്നോട് ഞാൻ അവരെ ഉപദ്രവിക്കരുത് എന്നല്ലേ പറഞ്ഞൊള്ളൂ, ചീറ്ററുത് എന്ന് പറഞ്ഞില്ലല്ലോ?''

നിസ്സഹായാവസ്ഥയിൽ ദൈവത്തോട് കോപിക്കുന്ന പ്രവാചകന്മാരെ നാം പഴയ നിയമഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. ദൈവകോപത്തിന്റെ നിദർശനങ്ങളായി നോഹിന്റെ കാലത്തെ പ്രളയവും, സോദോം ഗമോറാ നാശവും, ബാബേൽ ഗോപുരത്തകർച്ചയും നാം ബൈബിളിൽ വായിക്കുന്നു. യേശുവിന്റെ കോപാഗ്നി ജെറുസലേം ദേവാലയ ശുദ്ധീകരണത്തിൽ നമുക്ക് കാണാം. ഫിലിപ്പ് നേരി എന്ന വിശുദ്ധൻ വളരെ കോപിഷ്ഠനായിരുന്നു. സെമിനാരിയിൽ പഠിക്കുമ്പോൾ അദ്ദേഹത്തിന്റെ കോപം നിയന്ത്രിക്കാൻ റെക്ടർ നല്കിയിരുന്ന ശിക്ഷ ചോറ്റു കൊട്ട കൊണ്ട് ചെടി നനപ്പിക്കലായിരുന്നു! പിന്നെപ്പിന്നെ ഫിലിപ്പ് നേരി ഫലിതപ്രിയനായ ഒരു പുരോഹിതനായി മാറി.

പാദ്രേപിയോയ്ക്ക് വിശുദ്ധ പദവിയിലേയ്ക്ക് എത്താൻ വന്ന വൈഷമ്യം അദ്ദേഹത്തിനെതിരെ വന്ന കോപത്തിന്റെ ആരോപണമായിരുന്നു. കുമ്പസാരകൂട്ടിൽ ഇരുന്ന് അദ്ദേഹം പാപിയ്ക്കെതിരെ കോപിക്കുമായിരുന്നത്രെ. പിന്നീടാണ് അത് കള്ളക്കുമ്പസാരം നടത്തിയ

വർക്കെതിരെയായിരുന്നുവെന്ന് വെളിപ്പെട്ടത്. ശാന്തതയുടെ പുണ്യവാളനായി സഭ വാഴ്ത്തുന്ന വിശുദ്ധനാണ് ഫ്രാൻസിസ് സാലസ്. അദ്ദേഹം കോപത്തെ നിയന്ത്രിച്ച് ശാന്തത കൈവരുത്തിയത് അത് തലങ്ങളിലൂടെയാണ്. ഒന്ന്, താൻ കോപമുള്ള വ്യക്തിയാണെന്ന് അംഗീകരിച്ചു. രണ്ട്, പരിശുദ്ധാത്മാവിന്റെ സഹായത്തിനായി അദ്ദേഹം പ്രാർത്ഥിച്ചു.മൂന്ന്, കോപത്തിലെ നല്ല വശത്തെ അദ്ദേഹം സ്വാംശീകരിച്ചു. നാല്, കോപത്തിലെ ചീത്തവശത്തെ അദ്ദേഹം ഉപേക്ഷിച്ചു. അഞ്ച്, കോപം കൊണ്ട് താൻ വ്രണപ്പെടുത്തിയവർക്കുവേണ്ടി പ്രാർത്ഥിച്ചു.

കുടുംബയൂണിറ്റ് യോഗങ്ങൾ പലപ്പോഴും കോപത്തിന്റെ പോർക്കളങ്ങളായി മാറാറുണ്ട്. ഇതൊക്കെ നിയന്ത്രിക്കാൻ നിയുക്തരായ ഭാരവാഹികൾ തന്നെ എരിതീയിൽ എണ്ണ പകരുന്നവരായി ഭവിക്കുന്നു. വാക്ശരങ്ങളിൽ എത്രപേർ പുളയുന്നു? ആംഗലകവി ലോങ്ങ്ഫെല്ലോ പറയുന്നു: ''വാളുകൊണ്ടും അമ്പുകൊണ്ടും മരിച്ചതിനേക്കാൾ കൂടുതൽ ആളുകൾ കോപിഷ്ഠമായ നാവ് കൊണ്ട് മരിച്ചിട്ടുണ്ട്.'' ഡെൽഹിയിലെ ആൾ ഇന്ത്യ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ഹൃദ്രോഗ വിദഗ്ദ്ധൻ ഡോ. ബിമൽ ചജ്ജാർ ക്ഷിപ്രകോപികൾക്ക് നൽകുന്ന ചില ടിപ്പുകൾ നമ്മുടെ യൂണിറ്റ് ഭാരവാഹികൾക്കും ഉപകരിക്കും. 1) പറ്റുമെങ്കിൽ എതിരാളി കോപിഷ്ഠനാണെന്നു കാണുമ്പോൾ വിഷയം മാറ്റുക 2) ഒന്നു മുതൽ പത്ത് വരെ മനസിൽ എണ്ണുക 3) ഒരു ഗ്ലാസ് തണുത്ത വെള്ളം കുടിക്കുക 4) കണ്ണാടിയിൽ മുഖം നോക്കുക 5) നീണ്ട ശ്വാസം എടുക്കുക. ദീർഘകാലാടിസ്ഥാനത്തിലാണെങ്കിൽ 1) സസ്യാഹാരം ശീലിക്കുക 2) യോഗ അഭ്യസിക്കുക 3) വായനാശീലം വികസിപ്പിക്കുക 4) ആത്മീയ ചാനലുകൾ ശ്രദ്ധിക്കുക 5) ഈഗോ കളയാനുള്ള മാർഗ്ഗം കണ്ടെത്തുക.

■

# ദൈവം നമ്മുടെ പക്ഷത്ത്

(റോമ. 8:31- 39)

**വി.**ഗ്രന്ഥത്തിന്റെ ഏറ്റവും ആശ്വസിപ്പിക്കുന്നതും ഉണർവ്വേകുന്നതുമായ വചനഭാഗത്ത് റോമ. 8:31–39 പ്രത്യാശ നല്കുന്ന മൂന്ന് ഉറപ്പുകളാണ് വി. പൗലോസ് ഇവിടെ പ്രഖ്യാപിക്കുക - ദൈവം നമ്മുടെ കൂടെയുള്ളതിനാൽ 1) നമുക്ക് എതിരാളികളില്ല, 2) ശിക്ഷാവിധിയില്ല (33–34), 3) വേർപിരിയൽ (separation) (35–39) ഇല്ല.

## ''ആര് നമുക്ക് എതിരു നില്ക്കും?'' (31–34)

ഈ വചനഭാഗം പുരോഗമിക്കുന്നത് ഏഴ് ചോദ്യങ്ങളിലൂടെയാണ്. ക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിനുള്ള (യോഹ. 3:4) ഒരു കീർത്തനമായി ഈ ഭാഗത്തെ കണക്കാക്കാം. ഇതിനെതിരെയുള്ള ഏത് എതിർപ്പിനെയും ഖണ്ഡിക്കുവാനാണ് ശ്ലീഹാ ഈ ചോദ്യശൈലിയിലൂടെ ശ്രമിക്കുന്നത്.

''ദൈവം നമ്മുടെ പക്ഷത്ത്.'' എന്നതിലൂടെ ദൈവത്തിന്റെ അനന്ത സ്നേഹത്തെയാണ് വി. പൗലോസ് വർണ്ണിക്കാൻ ശ്രമിക്കുന്നത്. ''ആരാണ് നമുക്ക് എതിരു നില്ക്കുന്നത്'' എന്ന ചോദ്യത്തെക്കാളും ''ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആര് നമുക്ക് എതിരു നില്ക്കും?'' എന്നതാണ് പ്രതിപാദ്യം. 'പക്ഷത്തെങ്കിൽ' ഒരു സാധ്യത ആയിട്ടല്ല ഇവിടെ പ്രത്യക്ഷപ്പെടുക. മറിച്ച് ഒരു ഉറപ്പായിട്ടാണ് പോൾ ഉപയോഗിക്കുക. അതായത് 'ദൈവം നമ്മുടെ പക്ഷത്താണ്.' 'എതിരാളി' എന്ന പദം വി.ഗ്രന്ഥപശ്ചാത്തലത്തിൽ 'പിശാചി'നെയാണ് സൂചിപ്പിക്കുന്നത്. ഉദാ. ജോബ് 1–2, സക്കറിയ 3. ചുരുക്കത്തിൽ പിശാചിന്റെ എല്ലാ കുതന്ത്രങ്ങളും നിലനില്ക്കുകയില്ല എന്നു ചുരുക്കം.

## ''സ്വപുത്രനെ...ഏല്പിച്ചു തന്നവൻ''(32)

ദൈവം മനുഷ്യകുലത്തിനുവേണ്ടി ചെയ്ത ഏറ്റവും മഹത്തരമായ

കാര്യമാണ് സ്വപുത്രനെപ്പോലും ഒഴിവാക്കാതെ അവനെ നമുക്ക് ഏല്പിച്ചു തന്നത്. ഇതിനപ്പുറം മറ്റൊരു വലിയ സമ്മാനം ദൈവത്തിനു മനുഷ്യനു നല്കുവാനില്ല. അങ്ങനെയെങ്കിൽ ഇതിലും മൂല്യം കുറഞ്ഞ ബാക്കിയെല്ലാം മനുഷ്യനു ദാനമായി നല്കാൻ ദൈവത്തിന് എത്രയോ എളുപ്പമാണ്!

## കുറ്റാരോപണമില്ല! (33–34)

ലോകത്തിന്റെ കുറ്റാരോപണങ്ങളിലൂടെയും വിധികളിലൂടെയും നാം കടന്നുപോയാലും, ദൈവത്തിന്റെ നമ്മോടുള്ള സ്നേഹം അനന്തമാകയാൽ അവിടന്ന് നമ്മെ ഒരിക്കലും വിധിക്കുന്നില്ല. മറിച്ച് നമ്മെ നീതികരിക്കുന്നവനാണ് അവിടന്ന്. എത്ര വലിയ പാപവും ലോകം നമ്മിൽ ആരോപിച്ചാലും ക്രിസ്തുവിന്റെ രക്ഷിക്കുന്ന സ്നേഹം നമുക്കായി നീതീകരണം നേടിയെടുത്തിരിക്കുന്നു. ചുരുക്കത്തിൽ ദൈവത്തിന്റെ ക്രിസ്തുവിലൂടെയുള്ള പദ്ധതി മനുഷ്യനെ പൂർണ്ണമായി രക്ഷിക്കുവാനുള്ളതാണ്.

ക്രിസ്തുവിലൂടെ പൂർത്തീകരിക്കപ്പെടുന്ന നാല് കാര്യങ്ങളാണ് നമ്മുടെ രക്ഷ ദൈവസന്നിധിയിൽ ഉറപ്പാക്കുന്നത് – 1) അവന്റെ മരണം, 2) ഉത്ഥാനം, 3) അധികാരത്തിന്റെ വലത്തുഭാഗത്തുള്ള അവന്റെ സ്ഥാനം, 4) അവന്റെ മാധ്യസ്ഥ്യം.

മാധ്യസ്ഥ്യം വഹിക്കുക എന്ന നീതിന്യായ കോടതിയിലെ അഭിഭാഷകന്റെ അതേ ഭാഗം തന്നെയാണ് ഇവിടത്തെ സൂചന. ദൈവസന്നിധിയിൽ ക്രിസ്തുവാണ് നമ്മുടെ അഭിഭാഷകൻ. തന്റെ ജീവൻ തന്നെ അച്ചാരമായി നല്കികൊണ്ട് അവൻ നമുക്കായി വിജയം മുൻപെ തന്നെ നേടിയിരിക്കുന്നു.

## ക്രിസ്തുവിൽ നിന്നും വേർപിരിയലില്ല (35–39)

അനാദിമുതലെ ദൈവം നമ്മെ സ്നേഹിക്കുന്നതിനാൽ ദൈവത്തിന്റെ സ്നേഹം നിത്യമാണ്. നിത്യതയോളം തുടരുന്ന ദൈവസ്നേഹത്തെപ്പറ്റിയാണ് പോൾ ഇവിടെ പ്രതിപാദിക്കുക (v 35, 37, 39). ഈ

സ്നേഹത്തിൽ നിന്ന് നമ്മെ വേർതിരിക്കുന്ന ഘടകങ്ങളെ ഇവിടെ പരാമർശിക്കുന്നു-ക്ലേശം, ദുരിതം, പീഢനം, പട്ടിണി, നഗ്നത, ആപത്ത്, വാൾ etc.

ഒരു പക്ഷേ, ഇവിടെ ശ്രദ്ധേയമായ ചോദ്യം ആര് നമ്മെ ക്രിസ്തുവിൽനിന്നും വേർതിരിക്കും എന്നതല്ല. മറിച്ച്, ക്രിസ്തുവിന് നമ്മോടുള്ള സ്നേഹത്തിൽ നിന്ന് ആര് നമ്മെ വേർപ്പെടുത്തും! ഇവിടെ പകൽ പോലെ ഉറപ്പായിട്ടുള്ളത് ദൈവത്തിന്റെ നമ്മോടുള്ള നിത്യമായ സ്നേഹമാണ്. ഏതു സാഹചര്യത്തിലൂടെ നാം കടന്നുപോകുമ്പോഴും ഈ  സ്നേഹം നമ്മോടൊത്തുണ്ടായിരിക്കും.

റോമൻ സഭാസമൂഹം കടന്നുപോയ സഹനങ്ങളുടെ പശ്ചാത്തലത്തിലായിരിക്കാം പോൾ ഈ വ്യാഖ്യാനം നടത്തുക (35). ഒരു പക്ഷേ, പോൾ കടന്നുപോയ സഹനത്തിന്റെ അതേ അവസ്ഥ തന്നെയാണ് (2 കൊറി 11:26-27;12:10) ഇവിടെയും പരാമർശ വിഷയം.

**ജീവനോ മരണത്തിനോ...**

## ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ... ഉയരത്തിനോ ആഴത്തിനോ...(38-39)

ജീവനും മരണവുമാണ് മനുഷ്യന്റെ ഏറ്റവും വലിയ ആകുലതകൾ. ഇവ പോലും നിത്യജീവന് നമുക്ക് ഭീഷണിയല്ല! കാരണം നാം ജീവിക്കുന്നതും മരിക്കുന്നതും ദൈവസ്നേഹത്തിലാണ്. ഇപ്പോഴത്തെ നമ്മുടെ അനുഭവങ്ങൾ, അവ എപ്രകാരമുള്ളതാകട്ടെ അവയ്ക്കും, നാം ആകുലതയോടെ കാത്തിരിക്കുന്ന ഭാവിയിലെ ഏത് അവസ്ഥയാകട്ടെ അവയ്ക്കും ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്താൻ സാധിക്കുകയില്ല. മൂന്നാമതായി ആഴിയുടെ അഗാധതയും ആകാശത്തിന്റെ ഉന്നതിയും ദൈവസ്നേഹത്തെ ഒഴിവാക്കുന്നില്ല. മറിച്ച് എവിടെയും അവിടത്തെ സ്നേഹം കൊണ്ട് നിറഞ്ഞിരിക്കുന്നു. ചുരുക്കത്തിൽ ജനമൃതികൾക്കോ സ്ഥലകാലങ്ങൾക്കോ നമ്മെ ദൈവസ്നേഹത്തിൽനിന്നും ഒഴിവാക്കാൻ അസാധ്യമാണ്.

## സന്ദേശം

## ക്രിസ്തു: ഏറ്റവും വലിയ സമ്മാനം

ജീവിതത്തിലെ സൗഭാഗ്യങ്ങളെയെല്ലാം ദൈവത്തിന്റെ സമ്മാനമായി കരുതുന്നതിൽ വിമുഖത കാണിക്കാത്തവനാണ് വിശ്വാസി. ജീവൻ, സമ്പത്ത്, മക്കൾ, ആരോഗ്യം, സൗന്ദര്യം, തൊഴിൽ എന്നിവയെല്ലാം ഈ കാഴ്ചപ്പാടനുസരിച്ച് ദൈവസമ്മാനങ്ങളാണ്. നമ്മുടെ കൃതജ്ഞതാ പ്രാർത്ഥനകളിലെ വിഷയം പലപ്പോഴും ഇവയാണ്.

എന്നാൽ, നാം തിരിച്ചറിയേണ്ട യാഥാർത്ഥ്യം, ഇവയെല്ലാം ഒരു നാൾ തീർന്നുപോവുകയോ ഇല്ലാതാകുകയോ ചെയ്യുന്നു എന്നതാണ് ഈ സാഹചര്യത്തിൽ നമ്മിൽ നിറയുന്നത് കടുത്ത ദു:ഖം, നിരാശ, ഇച്ഛാഭംഗം എന്നിവയാണ്. ഇവിടെയാണ് വളരെ പ്രസക്തമായ ഒരു ചോദ്യത്തിന് നാം ഉത്തരം കണ്ടെത്തേണ്ടത്. ചോദ്യം ഇപ്രകാരമാണ്, ഒരിക്കലും തീർന്നുപോവുകയോ നശിക്കുകയോ ഇല്ലാത്ത നിത്യമായ ഏതെങ്കിലും സമ്മാനം ദൈവം മനുഷ്യകുലത്തിനു നല്കിയിട്ടുണ്ടോ? ഉണ്ട് എന്നാണ് വി. ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നത് അത് രക്ഷകനായ യേശുക്രിസ്തുവാണ്! വി. ശ്ലീഹാ ഈ വചനഭാഗത്തിലൂടെ പറയുന്നതും ഇതു മാത്രമാണ്. യേശുവാണ് ഏറ്റവും വലിയ സമ്മാനം. ഈ സമ്മാനത്തെ ഹൃദയപൂർവ്വം സ്വീകരിക്കുക.

**ക്രിസ്തു ഏക രക്ഷകൻ:** സ്വപുത്രൻ, ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്ന മദ്ധ്യസ്ഥൻ, ദൈവത്തിന്റെ സ്നേഹം (39) എന്നിങ്ങനെ യെല്ലാം യേശുവിനെ വിശേഷിപ്പിക്കുക വഴി അവൻ നമ്മുടെ ഏകരക്ഷകനായി ഉറപ്പിക്കുകപ്പെടുകയാണ്. ക്രിസ്തുവിനെ സ്വീകരിക്കുക; അവനിൽ വിശ്വസിക്കുക എന്നതാണ് ഇനി മുതൽ നിത്യരക്ഷക്കടിസ്ഥാനം. ക്രിസ്തു ഇപ്രകാരം നിത്യരക്ഷയ്ക്ക് നമുക്കുള്ള ഉറപ്പായി (Security) ത്തീരുന്നു. അവനിൽ വിശ്വസിച്ചാൽ നമുക്ക് രക്ഷ പ്രാപിക്കും എന്നത് എന്തുമാത്രം ആശ്വാസകമാണ്!

**വിധിക്കുന്നവൻ ദൈവം:** നാം ദൈവത്തെ സ്നേഹിക്കുകയല്ല, മറിച്ച്

ദൈവം നമ്മെ സ്നേഹിക്കുകയാണ് ചെയ്യുന്നത്. ഇപ്രകാരം ദൈവം നമ്മെ സ്നേഹിക്കുന്നതിനാൽ അവിടന്ന് സ്നേഹിക്കുന്ന ആരെയും വിധിക്കാനോ കുറ്റം ആരോപിക്കുവാനോ നമുക്ക് അവകാശമില്ല. അനുദിനജീവിതത്തിൽ ഏറെ മുൻകരുതലോടെ ശ്രദ്ധിക്കേണ്ട വീണ്ടുവിചാരത്തിന്റെ മേഖലയാണിത്. നമ്മുടെ അകാരണമായ മുൻവിധികളും ആരോപണങ്ങളും സ്നേഹത്തിനെതിരെയുള്ള കടന്നാക്രമണമായി ത്തീരുന്നത് ഇപ്രകാരമാണ്.

**നിരുപാധികമായി സ്നേഹിക്കുക:** ദൈവസ്നേഹത്തിന് ഏറെ പ്രത്യേകതയുണ്ട് - ക്രിസ്തുവിൽ നാം കാണുന്നതെല്ലാമാണ് ദൈവസ്നേഹത്തിന്റെ പ്രത്യേകതകൾ. മറ്റൊന്നും ആഗ്രഹിക്കാതെ നിരുപാധികം സ്നേഹിക്കുക എന്നതാണിത്. മറ്റുള്ളവരെ നിരുപാധികം സ്നേഹിക്കുക എന്നതാണ് ഈ വചനഭാഗത്തിന്റെ ഒരു പ്രധാനക്ഷണം.

കാരുണ്യവർഷത്തിന്റെ സന്ദേശവും ഇപ്രകാരമുള്ള നിരുപാധിക സ്നേഹമാണ്. വിട്ടുവീഴ്ചകൾക്കു മനസ്സില്ലാത്തതും ക്ഷമിക്കാനും മറക്കാനും താത്പര്യമില്ലാത്തിടത്തൊന്നും ക്രിസ്തുവിന്റെ സ്നേഹം മാംസം ധരിക്കുന്നില്ല. വ്യക്തികളും സഭാസമൂഹങ്ങളും ഇപ്രകാരമുള്ള സ്നേഹത്തിലേക്ക് എന്നു വളരും എന്നതും ആത്മീയജീവിതത്തിന്റെ വലിയ ആകുലതയാണ്.

**പ്രായോഗികതലം**

1. വ്യത്യസ്ത മതങ്ങളും വിശ്വാസങ്ങളും നിലനില്ക്കുന്ന നമ്മുടെ സമൂഹത്തിന് ക്രിസ്തുവിനെ എപ്രകാരം ഏകരക്ഷകനായി അവതരിപ്പിക്കുവാനായി സാധിക്കും? ഇതു സംബന്ധിച്ചുള്ള സഭയുടെ പഠനങ്ങളും കാഴ്ചപ്പാടുകളും പഠനവിഷയമാക്കുക.
2. കാരുണ്യവർഷത്തിൽ ഈശോയുടെ നിരുപാധിക സ്നേഹം പ്രാവർത്തികമാക്കാവുന്ന എന്തെങ്കിലും വ്യക്തിപരമോ, പൊതുവായതോ ആയ തീരുമാനം സ്വീകരിക്കുക.

■

# ഗോത്രമനസ്

**വം**ശപദവിയും ഗോത്രശുദ്ധിയും നോക്കുന്ന കാലംകഴിഞ്ഞു പോയി എന്നു പൊതുവേ പറയാം. എന്നാൽ ചില ആദിവാസി സമൂഹങ്ങളിൽ അവ ഇപ്പോഴും നിലനില്ക്കുന്നുണ്ടുതാനും. തറവാട്ടു മഹിമ എടുത്തുപറഞ്ഞ് അഭിമാനിക്കുന്നവർ അധികമില്ല ഇക്കാലത്ത്. കുടുംബപാരമ്പര്യം പറഞ്ഞു രസം പിടിക്കുന്നവരെ ചുരുക്കമായി കണ്ടേക്കാം. സാമൂഹിക വിലയിരുത്തലുകളിൽ മനസ്സുബലത്തിന്റെ വില കുറഞ്ഞെങ്കിലും ഗോത്രമനസ്സ് ഭരിക്കുന്നവരായി നാം ചിലപ്പോൾ മാറാം. അതിൽ അപകടങ്ങളുണ്ട്.

ഗോത്രങ്ങളിലെ അംഗത്വം അഭിമാനവിഷയം എന്നതിനേക്കാൾ അതിജീവനത്തിന്റെ മാർഗമായിരുന്നു പൗരാണിക സമൂഹങ്ങളിൽ. പരസ്പരം പോരടിച്ചും ഭക്ഷണത്തിനുവേണ്ടി അലഞ്ഞും കഴിഞ്ഞിരുന്ന കാലത്ത് ഏതെങ്കിലും ഗോത്രത്തിലോ കുലത്തിലോ പേരില്ലാതെ പിടിച്ചുനില്ക്കാൻ വ്യക്തികൾക്കോ എന്തിനു കുടുംബങ്ങൾക്കോ സാധ്യമല്ലായിരുന്നു. വിവാഹം ഉൾപ്പെടെയുള്ള സാമൂഹികമായ ഉൾചരടുകൾകൊണ്ട് ഉറപ്പിച്ചിരുന്നതാണ് ഗോത്രങ്ങളുടെ ആന്തരികഘടന. ഗോത്രങ്ങൾക്കു സ്വന്തമായി ദൈവവും സാമൂഹിക ആചാരങ്ങളും ആഘോഷങ്ങളും നേതാവു തിരിച്ചറിയൽ ചിഹ്നങ്ങളും ഉണ്ടായിരുന്നു. എല്ലാറ്റിനുമുപരി ജീവൻ കൊടുത്തും സ്വന്തം ഗോത്രസമൂഹത്തിന്റെ സുസ്ഥിതിയും അതിന്റെ തനിമയും നിലനിർത്താൻ അംഗങ്ങൾ ശ്രമിച്ചിരുന്നു. അതിന്റെ ഭാഗമായി ശക്തമായ ഗോത്രമനസും രൂപപ്പെട്ടിരുന്നു. അതായത്, ഗോത്രം എന്ന സ്വത്വാബോധം ഉറച്ചുകഴിഞ്ഞാൽപ്പിന്നെ സത്യവും ധർമ്മവുമൊക്കെ ഗോത്രനേതാക്കൾ പറയുന്നതായിരിക്കും. അതിനപ്പുറം ആരും ആലോചിച്ചു മിനക്കെടുകയും വേണ്ട. ആരെങ്കിലും ഗോത്രന്യായങ്ങൾ മറികടന്നു ചിന്തിച്ചാലും പ്രവർത്തിച്ചാലും അവൻ ഗോത്രത്തിനുള്ളിലെ കറുത്ത കുതിരയായി മാറും. അവൻ പുറത്താകും. കുലത്തിന്റെ മാമൂലുകൾക്കെതിരെ നില്ക്കുന്നവരെ, കുലംകുത്തികൾ എന്ന ചാപ്പ കുത്തി പുറത്താക്കും.

നരവംശശാസ്ത്രപരമായി ശോഷിച്ചുവരുന്ന ഗോത്രവ്യവസ്ഥ ഇക്കാലത്ത് ഒരുതരം സാമൂഹിക മാനസികാവസ്ഥയായി വികസിച്ചുവരുന്നുണ്ട്. അതായത്, അനേകംപേർ ഏതെങ്കിലും സാമൂഹിക ഗോത്രങ്ങളിലെ അംഗത്വം മാനസികമായി എടുക്കുന്നുണ്ട്. അത്തരത്തിൽ അനേകം ആധുനികഗോത്രങ്ങൾ പലരൂപത്തിൽ നമ്മുടെ സമൂഹത്തിൽ നിലനില്ക്കുന്നുമുണ്ട്. കേഡർസ്വഭാവമുള്ള രാഷ്ട്രീയ പാർട്ടികൾ, ഏതെങ്കിലും തരത്തിൽ ന്യൂനപക്ഷബോധം ഭരിക്കുന്ന സംഘടനകൾ,

ഉള്ളടുപ്പമുള്ള സാമൂഹികപ്രസ്ഥാനങ്ങൾ, ആശയക്കൂട്ടങ്ങൾ, സഭകൾക്കുള്ളിലെ ഉൾപ്പിരിവുകൾ, ആത്മീയമുന്നേറ്റങ്ങൾ, വിരളമായിട്ടാണെങ്കിലും സന്യാസസമൂഹങ്ങൾ, ചില ഇൻർനെറ്റ് കൂട്ടായ്മകൾ, ഒരേ ജോലി ചോയ്യുന്നവരുടെ സമൂഹമോ സംഘടനയോ, ഒരേ പദവിലെത്തിയ വ്യക്തികളുടെ സംഘം തുടങ്ങിയവയൊക്കെ അംഗങ്ങളിൽ ഗോത്രസ്വാധീനം ചെലുത്താം. അതിൽത്തന്നെ മോശപ്പെട്ട കാര്യമല്ല ഇത്. പക്ഷേ, കരുതലില്ലെങ്കിൽ വ്യക്തികളുടെ മനസ്സും മനഃസാക്ഷിയും ഗോത്രബോധം തട്ടിയെടുക്കും. അതു ക്രൈസ്തവോചിതമല്ലാത്ത രീതിയിലേക്ക് വ്യക്തികളെ നയിക്കും. അതിൽ യാതൊരു പ്രശ്നവും അവർ കാണാതിരിക്കുകയും ചെയ്യും.

ഗോത്രമനസിനു കീഴ്പ്പെട്ടു കഴിഞ്ഞാൽ ഗോത്രപിതാവ് പറയുന്നതാണ് ശരി. അയാൾ വെട്ടാൻ പറഞ്ഞാൽ അവർ തട്ടും; ഇരിക്കാൻ ഞാൽ അവർ കിടക്കും. തങ്ങളുടെ ഗോത്രത്തിനുവേണ്ടി ചാവേറാകുന്നതിൽ അവർ അഭിമാനിക്കും. എതിർകക്ഷികളെ തകർക്കാൻ അവർ ഏതിനം തന്ത്രവും പയറ്റും. തങ്ങളുടെ ഗോത്രസംഘത്തിന് പുറത്തുള്ളവരെ എപ്പോഴും സംശയത്തോടെയേ കാണൂ. അവരിൽ ഒരാളും ഗതിപ്പിടിക്കാതിരിക്കാൻ നിരന്തരം ശ്രമിക്കും. തങ്ങൾക്കിണങ്ങിയ രീതിയിൽ ദൈവത്തെ സങ്കല്പിക്കും. തങ്ങൾക്കനുകൂലമായി മാത്രം വേദപുസ്തകങ്ങൾ വ്യാഖ്യാനിക്കും. പാരമ്പര്യങ്ങൾ എഴുതിയുണ്ടാക്കും. ഗോത്രബോധം പരത്താൻ പാകത്തിലുള്ള പേരുകൾ അവർ സ്വയം അണിയും. എന്നാൽ, സത്യം നിഷേധിക്കുകയും ന്യായത്തിനു വിലപറയുകയും സാഹോദര്യത്തെ കൊല്ലുകയും ചെയ്യുന്ന ഗോത്രബോധം ഏതു സംഘത്തിന്റെതാണെങ്കിലും സുവിശേഷവിരുദ്ധവും അതിനാൽത്തന്നെ അക്രൈസ്തവവുമാണ്.

ഈശോ തന്റെ യൂദാഗോത്രമഹിമയോ ദാവീദിന്റെ വംശപാരമ്പര്യമോ കാര്യമാക്കിയില്ല. ആചാരവിധേയതത്വത്തിന്റെ കാര്യത്തിൽ അവൻ ഒരു സമ്പൂർണ്ണയഹൂദനായിരുന്നില്ല. സമുദായത്തിന്റെ വിളുമ്പിൽ കഴിഞ്ഞവൻ (Marginal jew) എന്നാണ് ആധുനീക ബൈബിൾ പണ്ഡിതരിൽ ചിലരെങ്കിലും അവനെ ശരിയായി വിശേഷിപ്പിക്കുന്നത്. തന്റെ സാർവ്വത്രീകമായി രക്ഷാദൗത്യം ഒരു ഗോത്രബോധവും തട്ടിമറിക്കരുതെന്ന് അവന് നിർബന്ധമുണ്ടായിരുന്നു. ക്രിസ്തു ശിഷ്യന്മാരുടെ അവബോധവും മറ്റൊന്നാകാൻ പാടില്ല. സത്യം, നീതി, സ്നേഹം, സാഹോദര്യം, ആത്മാക്കളുടെ രക്ഷ, ദൈവമഹത്വം തുടങ്ങിയ അടിസ്ഥാനമൂല്യങ്ങൾ അട്ടിമറിക്കുന്നവിധം ഏതെങ്കിലും ഗോത്രബോധം നമ്മെ ഭരിക്കുന്നുണ്ടെങ്കിൽ നാം ക്രൈസ്തവരല്ല. ക്രിസ്തു തുടങ്ങിവച്ച ദൈവരാജ്യത്തിന്റെ പുറത്തുനിന്നുകൊണ്ട് മറ്റേതെല്ലാം ഗോത്രങ്ങളിൽ അംഗത്വമെടുത്താലും എന്തുകാര്യം?

■




**അ**വുൾ പക്കീർ ജൈനുലബ്ദീൻ അബ്ദുൾ കലാമിന്റെ ആദ്യ സ്വപ്നം ഇതായിരുന്നു: ''3000 കൊല്ലത്തെ നമ്മുടെ ചരിത്രത്തിൽ ലോകത്ത് പലയിടങ്ങളിൽ നിന്നുമുള്ള ജന ങ്ങൾ നമ്മളെ ആക്രമിച്ചു. നമ്മുടെ ഭൂമി പിടിച്ചെടുത്തു. നമ്മുടെ മനസ്സ് കീഴടക്കി. അലക്സാണ്ടർ മുതലിങ്ങോട്ട് ഗ്രീക്കുകാർ, പോർച്ചുഗീസുകാർ, ബ്രിട്ടീഷുകാർ, ഫ്രഞ്ചു കാർ, ഡച്ചുകാർ - എല്ലാവരും വന്ന് നമ്മെ കൊള്ളയടിച്ചു. പക്ഷേ നാം മറ്റൊരു രാഷ്ട്രത്തോടും ഇങ്ങനെയൊന്നും ചെയ്തില്ല. ആരുടെയും ഭൂമിയോ സംസ്കാരമോ ചരിത്ര മോ നമ്മൾ തട്ടിയെടുത്തില്ല. നമ്മുടെ ജീവിതരീതി മറ്റുള്ള വരുടെ മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചിട്ടുമില്ല. - എന്തു കൊണ്ട്? നാം മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ ബഹുമാ നിക്കുന്നതുകൊണ്ട്. അതാണ് ഇന്ത്യയെ സംബന്ധിച്ച എന്റെ ആദ്യ സ്വപ്നം. 1857-ൽ സ്വാതന്ത്ര്യസമരം തുട ങ്ങിയപ്പോൾ ഇന്ത്യ സാക്ഷാത്കരിക്കാനാരംഭിച്ചത് ഈ സ്വപ്നമാണ്. ഈ സ്വാതന്ത്ര്യം നമുക്കു സംരക്ഷിക്കണം. അതിനെ പുഷ്ടിപ്പെടുത്തണം. അതിന്മേൽ സർവ്വവും പണിതുയർത്തണം.''

‘‘ദൈവത്തിൽ മാത്രമാണ്
എനിക്കു ആശ്വാസം; അവിടുന്നാണ്
എനിക്കു രക്ഷ നല്കുന്നത്.
അവിടുന്നു മാത്രമാണ് എന്റെ
അഭയശിലയും കോട്ടയും:
ഞാൻ കുലുങ്ങി വീഴുകയില്ല.’’
സങ്കീർത്തനം 62:1-2)